# പതിമൂന്നാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2013 — 14/07/2011-ൽ മറുപടിക്ക്

### പട്ടികവർഗ്ഗ വികസന പദ്ധതികൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ<br>ശ്രീ. എ.കെ.ബാലൻ<br>ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. കെ.വി. വിജയദാസ് | | ശ്രീമതി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| എ | സംസ്ഥാന പദ്ധതിയിൽ പട്ടികവർഗ്ഗ ഉപപദ്ധതിക്കായി മുന്തിയ പരിഗണന നൽകി വരുന്നത് ഏതെല്ലാം ആവശ്യങ്ങൾക്കാണ് ; | വിദ്യാഭ്യാസം, ആരോഗ്യം, ഭവന നിർമ്മാണം, കുടിവെള്ളം, വൈദ്യുതി, പ്രാക്തന ഗോത്ര വർഗ്ഗക്കാർക്കുള്ള പ്രത്യേക പദ്ധതി, വിവാഹ ധനസഹായം, ഊരുക്കൂട്ടം രൂപീകരണം, തൊഴിലധിഷ്ഠിത പ്രവർത്തനങ്ങൾ, നവീകരണ പ്രവർത്തനങ്ങൾ മറ്റ് സാമൂഹിക സാമ്പത്തിക ഉന്നമന പരിപാടികൾ എന്നിവയ്ക്കാണ് മുന്തിയ പരിഗണന നൽകുന്നത്. |
| ബി | ഭൂരഹിത പട്ടികവർഗ്ഗങ്ങളുടെ പുനരധിവാസത്തിന് മുൻ സർക്കാർ രൂപീകരിച്ച പ്രത്യേക ട്രൈബൽ മിഷന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ ; | ഭൂരഹിത പട്ടികവർഗ്ഗക്കാരുടെ പുനരധിവാസത്തിനായി രൂപീകരിച്ചിട്ടുള്ള പ്രത്യേക ട്രൈബൽ മിഷന്റെ (ആദിവാസി പുനരധിവാസ വികസന മിഷൻ) പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br>(I) ഭൂരഹിത ആദിവാസി കുടുംബങ്ങൾക്ക് ഭൂമി നൽകുന്നതുമായി ബന്ധപ്പെട്ട പരിപാടികൾക്ക് ഡോ.റ്റി.മാധവമേനോന്റെ (ഐ.എ.എസ്സ് റിട്ട.) നേതൃത്വത്തിൽ ഒരു മാസ്റ്റർ പ്ളാൻ തയ്യാറാക്കി.<br>(ii) സംസ്ഥാനത്ത് ലഭ്യമായ റവന്യൂ ഭൂമി, പാട്ടക്കാലാവധി കഴിഞ്ഞ സർക്കാർ ഭൂമി, മിച്ച ഭൂമി, അവകാശികളില്ലാതെ തിരിച്ചെടുത്ത ഭൂമി (escheat land) തുടങ്ങിയവയുടെ വിവരങ്ങൾ ശേഖരിക്കുകയും ഇതിൽ പരമാവധി ഭൂമി ജില്ലാ കളക്ടർമാർ മുഖേന വിതരണം നടത്തുകയും ചെയ്തു.<br>(iii) നാളിതുവരെയായി 6251 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് 8417.34 ഏക്കർ ഭൂമി വിതരണം ചെയ്തു.<br>(iv) കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലായിരുന്ന ആറളം ഫാം 42.09 കോടി രൂപ നൽകി സംസ്ഥാന സർക്കാർ വാങ്ങുകയും പുനരധിവസിപ്പിച്ചിട്ടുള്ള ആദിവാസി കുടുംബങ്ങൾക്ക് ഒരു സേവന ദാതാവായി പ്രവർത്തിക്കുക എന്ന ഉദ്ദേശത്തോടു കൂടി രജിസ്റ്റർ ചെയ്ത ആറളം ഫാമിംഗ് കോർപ്പറേഷൻ (കേരള) ലിമിറ്റഡ്-ന് പകുതി ഭാഗം ഭൂമി ഏൽപ്പിക്കുകയും |

| | | |
|---|---|---|
| | | ചെയ്തു. കൂടാതെ, കണ്ണൂർ ജില്ലയിലെ ഭൂരഹിത/ നാമമാത്ര ഭൂമിയുള്ളവരായ 2470 കുടുംബങ്ങൾക്ക് മൂന്ന് ഘട്ടങ്ങളിലായി ഭൂമി വിതരണം നടത്തുകയുണ്ടായി. ബാക്കിവരുന്ന ഭൂമി കണ്ണൂർ, വയനാട് ജില്ലകളിലെ ഭൂരഹിത ആദിവാസി കുടുംബങ്ങൾക്ക് വിതരണം നടത്തുന്നതിനുള്ള നടപടികൾ ത്വരിത ഗതിയിൽ നടന്നു വരുന്നു.<br>(v) സംസ്ഥാനത്തെ ഭൂരഹിത ആദിവാസി കുടുംബങ്ങൾക്ക് ഭൂമി വാങ്ങി നൽകുന്നതിനായി 700 കോടി രൂപയുടെ ഒരു പദ്ധതി തയ്യാറാക്കി ഫണ്ടിനായി കേന്ദ്ര സർക്കാരിന് സമർപ്പിച്ചു.<br>(vi) ഏറ്റവും കൂടുതൽ ഭൂരഹിത ആദിവാസി കുടുംബങ്ങൾ ഉള്ള വയനാട് ജില്ലയിലെ ആദിവാസി കുടുംബങ്ങൾക്ക് ഭൂമി വിലയ്ക്ക് വാങ്ങി വിതരണം നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു. ഇതിലേക്കായി സർക്കാർ 50,00,00,000/- രൂപ (അൻപത് കോടി രൂപാ മാത്രം) അനുവദിച്ചു. ഇതിൽ 40,00,00,000/-(നാൽപ്പത് കോടി രൂപാ മാത്രം) വയനാട് ജില്ല ആദിവാസി പുനരധിവാസ വികസന മിഷന് കൈമാറിയിട്ടുണ്ട്. ഭൂമി അക്വയർ ചെയ്ത്/വിലയ്ക്ക് വാങ്ങി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ജില്ലയിൽ പുരോഗമിച്ച് വരുന്നു.<br>(vii) സംസ്ഥാനത്ത് ലഭ്യമായ നിക്ഷിപ്ത വനഭൂമി ഭൂരഹിത ആദിവാസികൾക്ക് വിതരണം നടത്തുന്നതിന് നടപടികൾ സ്വീകരിച്ചു. ഇക്കാര്യത്തിൽ ബഹു: സുപ്രീം കോടതിയിൽ നിലവിലുള്ള കേസിൽ തീരുമാനമാകുന്ന മുറയ്ക്ക് ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി വിതരണം നടത്തുന്നതാണ്. |
| സി | വനാവകാശ നിയമ പ്രകാരം ഭൂമിയ്ക്ക് അർഹതയുള്ള എത്ര കുടുംബങ്ങൾ ഉണ്ടെന്നാണ് കണക്കാക്കപ്പെടുന്നത് ; ഇതിനകം എത്ര പേർക്ക് ഭൂമി ലഭ്യമാക്കി; 2011 ഏപ്രിൽ 30 വരെ ഇതിനായുള്ള എത്ര അപേക്ഷകളിന്മേൽ അന്തിമ തീരുമാനമുണ്ടായി എന്നറിയിക്കാമോ ? | വനാവകാശ നിയമ പ്രകാരം ഭൂമിയ്ക്ക് അർഹതയുള്ള 32911 കുടുംബങ്ങൾ സംസ്ഥാനത്ത് ഉണ്ടെന്നാണ് കണക്കാക്കപ്പെടുന്നത്. ഇതിനോടകം 16723 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വനാവകാശ നിയമ പ്രകാരം രേഖകൾ നൽകിയിട്ടുണ്ട്. 2011 ഏപ്രിൽ വരെ ഇതിനായുള്ള 22397 വ്യക്തിഗത ക്ലെയിമുകൾക്കുള്ള അപേക്ഷകളിന്മേൽ അന്തിമ തീരുമാനമുണ്ടായി. |

**സെക്ഷൻ ഓഫീസർ**